***It's Time to Wake Up***



# A L A R M

**A** **L**ittle kite's **A**mbition to **R**elease **M**agazine

**GHSS TIRURANGADI**

# സന്ദേശം

ലിറ്റിൽകൈറ്റ്സിന്റെ കീഴിൽ സ്ക്രൈബസ് സോഫ്റ്റ് വെയറിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നതിൽ ഒരുപാട് സന്തോഷവും അഭിമാനവുമുണ്ട്. ദിവസങ്ങളായി ഇതിനു വേണ്ടി പ്രയത്നിച്ചു കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. ഈ മാഗസിൻ ഒരു മികച്ച തുടക്കമാവട്ടെ. എല്ലാവിധ ആശംസകളും.



മിനി.കെ.കെ (എച്ച്.എം)

# ജി.എച്ച്.എസ്.എസ് തിരൂരങ്ങാടി




1959-ൽ സ്ഥാപിതമായ തിരൂരങ്ങാടി ജി.എച്ച്.എസ്.എസ് വിദ്യാഭ്യാസ വകുപ്പാണ് നിയന്ത്രിക്കുന്നത്. കടലുണ്ടി നദിയുടെ തീരത്താണ് ഈ പ്രദേശത്തെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളിലൊന്ന്. കേരളത്തിലെ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ബ്ലോക്കിൻ്റെ കീഴിലാണ് ഈ സ്കൂൾ വരുന്നത്. ഹൈസ്കൂൾ, ഹയർസെക്കൻഡറി എന്നിങ്ങനെ രണ്ട് വ്യത്യസ്ത വിഭാഗങ്ങളിലായി 5 മുതൽ 12 വരെയുള്ള ഗ്രേഡുകൾ ഉൾക്കൊള്ളുന്നു. സ്കൂൾ കോ-എജ്യുക്കേഷനാണ്. മലയാളവും ഇംഗ്ലീഷും ഈ സ്കൂളിലെനിർദ്ദേശമാധ്യമങ്ങളാണ്.

| |
|---|
| റവന്യൂ ജില്ല |
| മലപ്പുറം |
| വിദ്യാഭ്യാസ ജില്ല |
| തിരൂരങ്ങാടി |
| ഉപജില്ല |
| പരപ്പനങ്ങാടി |
| പ്രധാന അധ്യാപിക |
| മിനി.കെ.കെ |
| പി.ടി.എ പ്രസിഡണ്ട് |
| അബ്ദുൽ റഷീദ് ഇ. |
| എം.പി.ടി.എ പ്രസിഡണ്ട് |
| ഷൈനി |



സ്കൂൾ ഹൈസ്കൂളിൽ നിന്ന് ഹയർസെക്കൻഡറിയായി ഉയർത്തി. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള സമഗ്ര വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന ഈ വിദ്യാലയം മലപ്പുറം ജില്ലയിലെ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നു, അതേസമയം ശ്രദ്ധേയമായ കായിക പ്രതിഭകളെ സൃഷ്ടിക്കുന്നു. ജില്ലയിലെ ഏറ്റവും വലിയ കളിസ്ഥലങ്ങളിലൊന്നാണ് ഈ വിദ്യാലയം. ഫുട്ബോളിനുള്ള താൽക്കാലിക സ്റ്റേഡിയം കൂടിയാണിത്. ഗെയിമുകൾ. കേരളത്തിൻ്റെ ഫുട്ബോൾ ഹബ്ബായ മലപ്പുറം പലപ്പോഴും ഈ ഗ്രൗണ്ടിൽ മത്സരങ്ങൾക്ക് സാക്ഷ്യം വഹിക്കാറുണ്ട്.സ്കൂളിന് സർക്കാർ കെട്ടിടമുണ്ട്. പഠനാവശ്യങ്ങൾക്കായി 29 ക്ലാസ് മുറികളുണ്ട്. എല്ലാ ക്ലാസ് മുറികളും നല്ല നിലയിലാണ്. ഇതിൽ അദ്ധ്യാപക പ്രവർത്തനങ്ങൾക്കായി മറ്റ് 2 മുറികളുണ്ട്. സ്കൂളിൽ ഹെഡ് മാസ്റ്റർ/ അധ്യാപകർക്ക് പ്രത്യേക മുറിയുണ്ട്. സ്കൂളിന് അതിർത്തി ഭിത്തിയുണ്ട്. സ്കൂളിൽ വൈദ്യുതി കണക്ഷനുണ്ട്. കുടിവെള്ള സ്രോതസ്സ് കിണർ ആണ്, അത് പ്രവർത്തനക്ഷമമാണ്.

സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയ്‌ലറ്റുകൾ ഉണ്ട്. സ്കൂളിന് ഒരു കളിസ്ഥലമുണ്ട്. സ്കൂളിന് ഒരു ലൈബ്രറിയുണ്ട്. 10500 പുസ്തകങ്ങളും ലൈബ്രറിയിലുണ്ട്. ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് ക്ലാസ് മുറികളിലേക്ക് പ്രവേശിക്കാൻ സ്കൂളിന് റാമ്പ് ഉണ്ട്.



പഠന ആവശ്യങ്ങൾക്കായി സ്കൂളിൽ കമ്പ്യൂട്ടറ് ലാബുകൾ ഉണ്ട്. അവയെല്ലാം പ്രവർത്തനക്ഷമവുമാണ

സ്കൂളിൽ ഒരു കമ്പ്യൂട്ടർ എയ്ഡഡ് ലേണിംഗ് ലാബ് ഉണ്ട്.ഒന്ന് മുതൽ എട്ട് വരെ ക്ളാസുകളിലെ കുട്ടികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നു.



# എന്റെ മലയാളത്തെ കുറിച്ച്




ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിലൊന്നാണ് മലയാളം. മലയാളഭാഷ കൈരളി എന്ന പേരിലും അറിയപ്പെടുന്നു. ഇന്ത്യയിൽ കേരള സംസ്ഥാനത്തിലും, ഭാഗികമായി കേന്ദ്രപ്രദേശങ്ങളായ ലക്ഷദ്വീപിലും പോണ്ടിച്ചേരിയുടെ ഭാഗമായ മാഹിയിലും ത്മിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും ഗ്രുഡല്ലൂർ താലൂക്കിലും സംസാരിക്കുന്ന ഭാഷയാണ് മലയാളം. മലയാളഭാഷയുടെ ഉൽപ്പാദിയും പ്രാചീനതയും സംബന്ധിച്ച കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. ഒരു സ്വാതന്ത്ര ഭാഷ എന്ന നിലയിൽ മലയാളത്തിന് ആയിരത്തി ഒരുനൂറോളം പഴക്കമുണ്ട്. ഞാനടക്കം ലോകത്താകമാനം മൂന്നരക്കോടി ജനങ്ങൾ മലയാളം സംസാരിക്കുന്നു. ആദി ദ്രാവിഡ ഭാഷയിൽ നിന്ന് പരിണമിച്ചു വന്നതാകാം ഇന്നത്തെ മലയാളം. ദ്രാവിഡ ഭാഷയിൽ ഉൾപ്പെടുന്ന ഇന്നത്തെ മലയാളഭാഷ വിവിധ ഭാഷകളായ തമിഴ്, സംസ്കൃതം,കന്നട എന്നീ ഭാഷകളുമായി പ്രകടമായ ബന്ധമുണ്ട്.

30 അക്ഷരമുള്ള വട്ടെഴുത്തിൽ നിന്ന് 51 അക്ഷരമുള്ള മലയാളം ലിപിയിലേക്ക് വരുത്തിയത് മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന മലയാളഭാഷയിലെ അറിയപ്പെടുന്ന ഒരു കവിയായ തുഞ്ചത്ത് എഴുത്തച്ഛനാണ്. മലയാളഭാഷ ഒരു അത്ഭുതം തന്നെയാണല്ലേ. ഇരുപത്തിയാറ് അക്ഷരങ്ങളുള്ള ഇംഗ്ലീഷിനേക്കാൾ 29 അക്ഷരമുള്ള അറബിയേക്കാൾ കൂടുതൽ അക്ഷരമുള്ളത് മലയാളത്തിലാണ്. മലയാളത്തിലെ അക്ഷരങ്ങൾ 51 ആണ് എങ്കിലും മലയാളം പഠിക്കുന്നത് വളരെ എളുപ്പമാണ്. ഇന്ത്യയിൽ ശ്രേഷ്ഠഭാഷ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013ലാണ് മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത്.

മുഹമ്മദ് ഷാഫൽ ടി. 9G

## സ്നേഹം

നിന്നെ
കണ്ടുകൊണ്ടുറങ്ങാൻ
എന്തൊരു ചന്തമാണ്
നിലാവിന്റെ കിരണങ്ങൾ
കവിളിൽ തട്ടി
ചിരുക്കുന്നപോലെ സഖി...
ഇനിയും ആയിരമായിരം
ദിനങ്ങൾ നിന്നെ നോക്കി
ഇങ്ങെനെ...

-അബാൻ



# വായന

പുസ്തകത്താളിൽ ഒളിചിരിപ്പൂ
വലിയ രു വിജ്ഞാന ലോകം
അജ്ഞതയെന്ന തമസ്സകററി പുസ്തകം
അറിവിൻ വെളിച്ചം പടർത്തുമലോ....
വായന എന്ന ഈ മൂന്നക്ഷരം
വാനോളം നമ്മെ വളർത്തുമലോ......
വായന നമ്മുടെ ചങ്ങാതി
അറിവുകള് നൽകുന്ന പ്രിയതോഴൻ
കൗതുകം നൽകും ജിജ്ഞാസ നൽകും
കാത്തിടാം വായന എന്ന പൂമൊട്ടിനെ
വാടാതെ കരിയാതെ വീണിടാതെ......



അനാമിക.സി

10 D

# ശോഭ

പ്രകൃതിയെ   നോക്കി കൊണ്ട്
പുഞ്ചിരിയോടെ കിഴക്കിൽ
അരുണനുദിക്കുന്നു.
പച്ചിലകൾക്കിടയിലൂടെ സൂര്യ വെളി -
ച്ചം തിളങ്ങുന്നു.
പെട്ടന്നൊരു മഴ. കാറ്റ് -
വീശുന്നൂ മരങ്ങൾ തഴുകി തളരവേ,
മരങ്ങൾ കോപിച്ചു, മഴയെ തടഞ്ഞു നിർത്തവേ,
മേൽക്കൂര മഴ കല്ല്യാണ തോരണമാകുന്നു.
ഈ ചാരുത ജീവ മനസ്സ് നുകരുന്നു.
കാട്ടു ചോലകൾ പാറക്കെട്ടുകൾക്കിട-
യിലൂടെ മന്ദമൊഴുകവേ,
ഈ ശോഭ എത്ര സുന്ദരം !



·ഹാദി യൂനുസ്, 9B

<u>കവിത</u>



# വായന

അക്ഷര നിധിയിൽ നിന്നും നാം
അറിവിൻ മുത്തുകൾ വാരേണം
പുസ്തകമെന്നൊരു ചങ്ങാതി
ഉത്തമനായൊരു വഴികാട്ടി
പുസ്തകമെന്നൊരു ചങ്ങാതി
ഉത്തമനായൊരു വഴികാട്ടി
അറിയുക നമ്മൾ ലോകത്തെ
വായന എന്നൊരു കർമ്മത്താൽ
വായിച്ചങ്ങനെ വളരേണം
നേടണമെന്നും വിജ്ഞാനം
വായിച്ചങ്ങനെ വളരേണം
നേടണമെന്നും വിജ്ഞാനം
ജ്ഞാനത്തിൽ പ്രഭ വിതറേണം
അജ്ഞത എന്നും വെടിയേണം
പുസ്തകവായന ശീലത്താൽ
അറിവിൻ ശോഭ പരക്കട്ടെ
പുസ്തകവായന ശീലത്താൽ
അറിവിൻ ശോഭ പരക്കട്ടെ



ലഹൻ 9B

# എഴുത്തച്ഛൻ



**പ**തിനാറാം നൂറ്റാണ്ടിലെ കേരളത്തിലെ പ്രമുഖ സാഹിത്യകാരൻ എഴുത്തച്ഛൻ അഗാധമായ പാണ്ഡിത്യം, അധ്യാപന സമർപ്പണം, കാവ്യ വൈഭവം എന്നിവയുടെ ഒരു കഥാപാത്രത്തെ ഉൾക്കൊള്ളുന്നു. ഒരു പണ്ഡിതനെന്ന നിലയിൽ, ഭാഷയുടെയും സാഹിത്യത്തിൻ്റെയും മേഖലകളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്ന്, ഒരു വ്യതിരിക്ത ഭാഷയായി മലയാളത്തിൻ്റെ പരിണാമത്തിന് അദ്ദേഹം ഗണ്യമായ സംഭാവന നൽകി. അർപ്പണബോധമുള്ള ഒരു അധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിൻ്റെ പങ്ക് അദ്ദേഹത്തിന് "മലയാള ഭാഷയുടെ പിതാവ്" എന്ന പദവി നേടിക്കൊടുത്തു, പഠിതാക്കളുടെ തലമുറകളെ പരിപോഷിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് മായാത്ത മുദ്ര പതിപ്പിച്ചു.

**അ**ദ്ദേഹത്തിനുള്ളിലെ കാവ്യപ്രതിഭ അദ്ദേഹത്തിൻ്റെ മഹത്തായ രചനയായ രാമായണത്തിൻ്റെ മലയാള പരിഭാഷയിൽ ആവിഷ്കാരം കണ്ടെത്തി. എഴുത്തച്ഛൻ്റെ കഥാപാത്രം ഒരു സാംസ്കാരിക ശില്പിയായി പ്രവർത്തിക്കുന്നു, അദ്ദേഹത്തിൻ്റെ സാഹിത്യ സംഭാവനകളിലൂടെ കേരളത്തിൻ്റെ സാംസ്കാരിക സ്വത്വത്തെ രൂപപ്പെടുത്തുന്നു. അദ്ദേഹത്തിൻ്റെ ശാശ്വതമായ പൈതൃകം നിലനിൽക്കുന്നു, അദ്ദേഹത്തിൻ്റെ പ്രതിരോധശേഷി, അറിവിനോടുള്ള അഭിനിവേശം, കേരളത്തിൻ്റെ ഭാഷാപരവും വിദ്യാഭ്യാസപരവും സാഹിത്യപരവുമായ ഘടനയിൽ അഗാധമായ സ്വാധീനം എന്നിവയ്ക്ക് തെളിവാണ്.

# പഴഞ്ചൊല്ലുകൾ

മലയാളത്തിലെ 'പഴഞ്ചൊല്ലുകൾ', ഇന്ത്യൻ സംസ്ഥാനമായ കേരളത്തിലെ മലയാളം സംസാരിക്കുന്ന ജനങ്ങളുടെ സാംസ്കാരികവും ഭാഷാപരവുമായ പൈതൃകത്തിൽ വേരൂന്നിയ സമ്പന്നമായ ചരിത്രമുണ്ട്. ജ്ഞാനം, സാംസ്കാരിക മൂല്യങ്ങൾ, മനുഷ്യൻ്റെ പെരുമാറ്റത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ എന്നിവ നൽകുന്ന സംക്ഷിപ്ത പദപ്രയോഗങ്ങളാണ് പഴഞ്ചൊല്ലുകൾ. അവ പലപ്പോഴും ഒരു സമൂഹത്തിൻ്റെ കൂട്ടായ അനുഭവങ്ങളും പരമ്പരാഗത അറിവും ഉൾക്കൊള്ളുന്നു.

മലയാളം പഴഞ്ചൊല്ലുകളുടെ ചരിത്രം പുരാതന കാലം മുതലുള്ളതാണ്, അവ വാമൊഴിയായി തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. ഈ പഴഞ്ചൊല്ലുകൾ ദൈനംദിന ആശയവിനിമയത്തിൻ്റെ ഒരു പ്രധാന ഭാഗമായിരുന്നു, മാർഗ്ഗനിർദ്ദേശവും നർമ്മവും ധാർമ്മിക പാഠങ്ങളും നൽകുന്നു. നൂറ്റാണ്ടുകളായി, പഴഞ്ചൊല്ലുകൾ മലയാള സാഹിത്യത്തിൻ്റെ അവിഭാജ്യ ഘടകമായി മാറി, നാടൻ പാട്ടുകൾ, കഥകൾ, കവിതകൾ എന്നിവയുൾപ്പെടെ വിവിധ സാഹിത്യ വിഭാഗങ്ങളിലേക്ക് വഴി കണ്ടെത്തി.

ബന്ധങ്ങൾ, മനുഷ്യരുടെ പെരുമാറ്റം, ധാർമ്മികത, സ്വഭാവം, തുടങ്ങി നിരവധി വിഷയങ്ങൾ മലയാളം പഴഞ്ചൊല്ലുകൾ ഉൾക്കൊള്ളുന്നു. അവ കേരളത്തിൻ്റെ സാംസ്കാരിക വൈവിധ്യത്തെയും സാമൂഹിക ചലനാത്മകതയെയും പ്രതിഫലിപ്പിക്കുന്നു. പല പഴഞ്ചൊല്ലുകളിലും കാർഷിക അല്ലെങ്കിൽ പ്രകൃതി ഘടകങ്ങൾ ഉണ്ട്, സമൂഹത്തിൻ്റെ കാർഷിക വേരുകൾ കാണിക്കുന്നു.

ഏതാനും കുറച്ച് പഴഞ്ചൊല്ലുകൾ താഴെ കൊടുക്കുന്നു:

1. അക്കരെ നിന്നാൽ ഇക്കരെ പച്ച.

2. ആട് കിടന്നിടത്തു പൂട പോലും ഇല്ല.

3. ആന കൊടുത്താലും ആശാ കൊടുക്കാമോ?.

4. ആന മെലിഞ്ഞാൽ, തൊഴുത്തിൽ കെട്ടാൻ പറ്റുമോ.

5. ആന വായിൽ അമ്പഴങ്ങ.

6. ആനക്കുണ്ടോ ആനയുടെ വലിപ്പമറിയൂ.

7. ആറ്റിൽ കളഞ്ഞാലും... അളന്നു കളയണം.

# കാശ്മീർ

കാശ്മീരിലേക്ക് ഒരാഴ്ചത്തെ വെക്കേഷന് പോകുന്നു എന്ന് പറഞ്ഞപ്പോൾ അപൂർവം ചിലരൊഴിച്ച് ആശങ്കയാണ് പ്രകടിപ്പിച്ചത്. കാശ്മീരോ വേണോ?! യുദ്ധം,ഭീകരാക്രമണം തുടങ്ങിയ ഭയപ്പെടുത്തലുകൾ ആയിരുന്നു. അവരെയും പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് മുന്നിൽ അവതരിപ്പിക്കപ്പെട്ട കാശ്മീർ അങ്ങനെ ആണല്ലോ. എന്നാൽ കാശ്മീരുകാരനായ സുഹൃത്തിന്റെ ക്ഷണം ആയിരുന്നു പോകാനുള്ള വലിയ ധൈര്യം.

ശ്രീനഗർ എയർപോർട്ടിൽ നിന്നും ഒന്നരമണിക്കൂർ യാത്രയുണ്ടായിരുന്നു സുഹൃത്തിന്റെ നാട്ടിലേക്ക്.

നമ്മുടെയൊക്കെ മനസ്സിലുള്ള പാകിസ്ഥാൻ പോലെ ആയിരുന്നു ആ നാട്. വഴിയിൽ പൂൽവാല കൂടി കണ്ടതോടെ ഉള്ളിലുള്ള കാറ്റും പോയി. സുഹൃത്തിന്റെ വീട്ടിൽ എത്തിയതോടെ അവരുടെ അതിഥി മര്യാദ മനസ്സ് കണ്ട് അത്ഭുതപ്പെട്ടു. അതിഥി ദേവോ ഭവ എന്നത് അവർ മനസ്സറിഞ്ഞ് ചെയ്തു.ഓരോ ദിവസവും കശ്മീരിന്റെ സൗന്ദര്യം കാണിക്കാൻ സുഹൃത്ത് ഞങ്ങളെ കൊണ്ടുനടന്നു. അവന്റെ വീട്ടിലേക്ക് എത്തിയിട്ടില്ലാത്ത ബന്ധുക്കളുടെയും വീടുകളിലും ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. സ്നേഹം നിറഞ്ഞു കവിയുന്നു എന്നത് ആ ദിവസങ്ങളിൽ എല്ലാം ശരിക്കും അനുഭവിക്കുകയായിരുന്നു.

ഒരാഴ്ച പെട്ടെന്ന് തീർന്നു പോയത് പോലെയായി. സുഹൃത്തിന്റെ കുടുംബം ശരിക്കും നമ്മുടേത് കൂടിയായി മാറിയിരുന്നു അപ്പോഴേക്കും.യാത്ര പറഞ്ഞിറങ്ങുമ്പോൾ കണ്ണുകൾ നിറഞ്ഞു. അങ്ങോട്ടുള്ള യാത്ര ആശങ്ക നിറഞ്ഞതായിരുന്നെങ്കിൽ തിരിച്ചുവരവ് സങ്കടത്തിന്റേതായി മാറി.ആ നാടിന്റെ സൗന്ദര്യത്തേക്കാൾ എന്നെ ആകർഷിച്ചത് ആ മനുഷ്യരുടെ സ്നേഹം ആയിരുന്നു സ്വന്തം കുടുംബത്തിൽ നിന്നുള്ള വേർപിരിയൽ പോലെയായിരുന്നു അത്.ഒരുതവണ പോയവർ വീണ്ടും കാശ്മീരിൽ പോകണം എന്ന് ആഗ്രഹിക്കുന്നുണ്ടാകും അതുറപ്പാണ്. കാശ്മീരിന്റെ ഭംഗിയെക്കാൾ തിരികെ വിളിക്കുന്നത് അവിടുത്തുകാരുടെ ആ സ്നേഹം തന്നെയാണ്.പലപ്പോഴും ആ നാട് കാണാൻ പോകുമ്പോൾ അവിടുത്തെ പ്രശസ്തമായ വിനോദ കേന്ദ്രങ്ങൾ ആയിരിക്കും നമ്മുടെ ലക്ഷ്യം.എന്നാൽ ഒരു ദിവസമെങ്കിലും ആ നാട്ടിലെ ഗ്രാമങ്ങളിലൂടെ, മനുഷ്യരിലൂടെ യാത്ര ചെയ്യണം.അവരെ അറിയാൻ ശ്രമിക്കണം. സത്യത്തിൽ അതാണ് ആ നാടിന്റെ യഥാർത്ഥ സൗന്ദര്യം. ടൂറിസ്റ്റ് കേന്ദ്രങ്ങൾ മിഥ്യയോ മരീചികയോ ആണെന്ന് അപ്പോൾ നമുക്ക് മനസ്സിലാവും. തിരിച്ചിറങ്ങുമ്പോൾ ഒരു പിടി നല്ല മനുഷ്യർ മനസ്സിലുണ്ടാകും. അങ്ങോട്ട് തിരിച്ച് വിളിക്കുന്ന ആ സ്നേഹവും.

ഈ യാത്ര അത്രമേൽ പ്രിയതരമാക്കിയ സുഹൃത്തിനോടും കുടുംബത്തോടും തീർത്താൽ തീരാത്ത നന്ദി.



-അഹാൻ താപ്പി

# അതിഥി

അഗതി മന്ദിരത്തിന്റെ ഇരുണ്ട ഇടനാഴിയിലൂടെ അയാൾ വേച്ചുവേച്ചു നടക്കാൻ തുടങ്ങി. വാർദ്ധക്യത്തിന്റെ ബലഹീനത അയാളുടെ നടത്തത്തിൽ പ്രകടമായിരുന്നു. പതുക്കെ അയാൾ ഇടനാഴിയിലെ ചാരുകസേരയിൽ ചെന്നിരുന്നു. വടക്കുനിന്നു വന്ന ഒരു ഇളം തന്നെ ചുക്കിളിഞ്ഞ അയാളുടെ മുഖത്തെ പതുക്കെ തലോടി കടന്നുപോയി. അയാൾ കണ്ണുകൾ ഇറുക്കി അടച്ചു. അയാളുടെ മനസ്സിലെ ഓർമ്മകളുടെ മാറാപ്പുകെട്ടുകൾ ഓരോന്നായി അഴിഞ്ഞുവീഴാൻ തുടങ്ങി.യൗവനത്തിന്റെ ചോരത്തിളപ്പിൽ ചെയ്തു കൂട്ടിയ കുസൃതികൾ, എന്തുകൊള്ളരുതായ്മയ്ക്കും കൂട്ടുനിന്ന കൂട്ടുകാർ,പിന്നീട് ജീവിതത്തിലേക്ക് കടന്നുവന്ന ജീവന്റെ പാതിയായി മാറിയ രുഗ്മിണി.
ദാമ്പത്യ വഴിയിൽ ഒന്നൊന്നായി ജന്മം കൊണ്ട് മക്കൾ,എല്ലാം ഒരു മിന്നായം പോലെ മനസ്സിലൂടെ ഓടി മറഞ്ഞു.

എല്ലാം ഒരു നല്ല കാലത്തിന്റെ ഓർമ്മകൾ.പിന്നീട് എപ്പോഴാണ് തന്റെ ജീവിതത്തിൽ ഇരുട്ടിന്റെ കാർമേഘം ഉരുണ്ടുകൂടിയത്. അതെ ജീവന്റെ പാതിയായ രുഗ്മിണി എന്നന്നേക്കുമായി തന്നെ വിട്ടു പോയത് മുതൽ.ജീവിതം എന്താണെന്ന് തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. രുക്മിണി എപ്പോഴും പറയുമായിരുന്നു മനുഷ്യൻ ഒരു ശരീരവും ഒരു ആത്മാവും മാത്രമായ മാംസപിണ്ഡം മാത്രമാണ് എന്ന്. പിന്നീട് വന്നുചേരുന്ന ബന്ധങ്ങളെല്ലാം പ്രകൃതിയുടെ സാമൂഹിക നിയമങ്ങൾക്ക് അനുസൃതമായി സമൂലമായ അഭിനയങ്ങളാണ്. ഭാര്യഭർത്തൃ ബന്ധം ഹൃദ്യമായ ഒരു പകുത്തെടുക്കലിന്റെ ശ്രേഷ്ഠമായ അനുഭൂതിയാണ്. പക്ഷേ അവൾ കടന്നുപോയി. അദ്ദേഹം ഒരു ദീർഘനിശ്വാസം അയച്ചു. അവൾ എപ്പോഴും പറയുമായിരുന്നു നമുക്ക് എത്ര മക്കൾ ജനിച്ചാലും അവരിൽ നിന്ന് നാം ഒന്നും പ്രതീക്ഷിക്കരുത്. അവരിൽ നിന്നും ഒന്നും മോഹിക്കരുത്. അവരിൽ നിന്നും കിട്ടുന്ന സ്നേഹം പോലും പുഞ്ചിരി പോലും അവരുടെ ഔദാര്യം മാത്രമാണ് കിട്ടാതെ വരുമ്പോൾ ഒരിക്കലും വേദനിക്കരുത് എന്നെ തനിച്ചാക്കി അവൾ പറന്നകന്നുമുതൽ അന്ധകാരത്തിന്റെ കൊടും ഭീകരൻ എന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ചു അവൾ പോയതോടെ മക്കൾക്കെല്ലാം ഞാൻ ഒരു ഭാരമാവാൻ തുടങ്ങി. അവർക്കു മുന്നിൽ കാൽപന്തുകളിയിലെ പന്തു പോലെ ഉരുളാൻ തുടങ്ങി.അവസാനം ചിലവാക്കുന്ന പണത്തിന്റെ കാര്യം പറഞ്ഞു അവർ ഒരു തീരുമാനത്തിലെത്തി. അച്ഛനെ വൃദ്ധസദനത്തിൽ കൊണ്ടാക്കാം പിന്നെ ആർക്കും ബുദ്ധിമുട്ടാവില്ല.

വൃദ്ധന്മാർ വൃദ്ധസദനത്തിലെ അതിഥികളാണ്. അവിടെയെത്തി കുറഞ്ഞ കാലം കൊണ്ട് തന്നെ ഹൃദയം പൊട്ടി മരിക്കും. കുറഞ്ഞ നാളത്തേക്ക് താമസത്തിന് എത്തുന്നവർ അതിഥി അല്ലാതെ പിന്നെ എന്തോന്നാ വിളിക്കുക?അയാളുടെ കണ്ണുകൾ ഈറനണിഞ്ഞു. ചുണ്ടുകൾ വിതുമ്പി. എന്തോ വല്ലാത്തൊരു അസ്വസ്ഥത. പതുക്കെ അയാൾ കസേരയിൽ നിന്ന് എഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷേ അയാൾക്കതിന് സാധിക്കുന്നില്ല. അയാളുടെ ശരീരം ആകെ വിയർത്തു കുളിച്ചു. വരണ്ടുണങ്ങി ഒരിറ്റു വെള്ളത്തിനായി അയാൾ അവിടെയെല്ലാം പരതി നോക്കി. നിരാശയായിരുന്നു ഫലം. അയാൾ പതുക്കെ ആ ചാരു കസേരയിൽ നിന്നും ഉയർന്നു അയാൾക്ക് തന്നെ ശരീരം ഭാരമില്ലാതെയായി തോന്നി പഞ്ഞിക്കിട്ടു പോലെ അത് വായുവിലൂടെ ഉയർന്നുപൊങ്ങി മിന്നൽ പിണറുകൾക്കിടയിലൂടെ മേഘങ്ങൾക്കിടയിലൂടെ അനന്തമായ ശൂന്യതയിലേക്ക്.



**അബ്ഷാർ**,10 H

# ആകാശം എന്റെ പുതപ്പ്

ആകാശം എന്റെ പുതപ്പ്
ഈ ഭൂമി എന്റെ വിരിപ്പ്
അക്കാണും പർവ്വതമെന്നുടെ തലയണയാണല്ലോ
ഉണ്ടല്ലോ രാത്രി എനിക്ക്
ഉറങ്ങാൻ ഒരു മങ്ങിയ വിളക്ക്
ഉണരാൻ നേരത്ത് കിഴക്കേ ഊരിൽ
മറ്റൊന്ന് ജ്വലിക്കുന്നു
അടിമത്തം എന്നുടെ ജോലി
ഉടമസ്ഥൻ തന്നിടും കൂലി
കടമകൾ വിട്ടൊരു ജോലി
തട്ടുവോളം ഇല്ല ചങ്ങാതി
സ്നേഹം ഉണ്ടെന്നു കൊതിച്ചു
ദ്രോഹം എന്തൊക്കെ സഹിച്ചു
തനിയെ ഇരുന്ന് തപസ്സു ചെയ്തു
ഞാനാകെ ക്ഷയിച്ചു 10 H



-നിസാമുദ്ധീൻ 10H

# <u>വെളിച്ചം തേടി</u>

എങ്ങു നോക്കിയാലും ഇരുട്ട്

അല്പമകലെ ചെറിയൊരു വെട്ടം കാണും

അടുത്തെത്തുമ്പോഴേക്കും ആ വെട്ടവും മാഞ്ഞുപോകും

വീണ്ടും വീണ്ടും ഞാൻ

കാണുന്ന വെട്ടങ്ങളുടെ എല്ലാം അടുത്തേക്കോടും

എല്ലാം മാഞ്ഞു മാഞ്ഞു പോകും

ഓടിയോടി തളർന്നപ്പോഴാണ്

എനിക്ക് മനസ്സിലായത്

എനിക്ക് വേണ്ട വെളിച്ചം

ഞാൻ തന്നെ ഉണ്ടാക്കണമെന്ന്.

അത് എവിടെ നിന്നും കിട്ടില്ല

.അത് എന്നിൽ തന്നെയാണ് ഉള്ളത്.

ഇപ്പോഴും ഞാൻ ഓടിക്കൊണ്ടിരിക്കുകയാണ്.



**ഷിബിൻ ഷഹൽ** 10 H

# ബന്ധനം

അവൾ വിവാഹിതയാണ്

മറ്റുള്ളവരെ പോലെ അവളും സ്വപ്നങ്ങളുടെ കൂമ്പാരവുമായി

ജീവിതപടിയിൽ കാലെടുത്തുവെച്ചവളാണ്

നാളുകൾ ഏറെ കടന്നുപോയി

മനസ്സിൽ ഒരായിരം തൊട്ടിൽ കെട്ടി

ഒരായിരം വാക്കിനാൽ താരാട്ടുപാടി

വിവേകിയായ മനുഷ്യൻ അവളെ മച്ചി എന്ന് വിളിച്ചപ്പോഴും

വരാനിരിക്കുന്ന തന്റെ കുഞ്ഞിനെ ഓർത്ത് കൊണ്ടവൾ

താരാട്ടുപാടിക്കൊണ്ടിരുന്നു



-ഷാന.എം.എൻ

10 എച്ച്



നിദാൻ ജാവേദ്

9D

# സത്യമല്ല

സ്വന്തമെന്ന് നമ്മൾ കരുതും
കരുതപെടുന്നവർ അങ്ങനെ
ചിന്തിക്കണമെന്നില്ല
എപ്പോഴും ഒരു ചിന്ത മാത്രം.
വെടിയാതിരിക്കുക .
നമ്മൾ വന്നതും ഒറ്റക്കാണ്
പോകുന്നതും ഒറ്റക്കാണ്

# LK ആർട്ട് ഗാലറി





















## ഓണാഘോഷം

**തിരൂരങ്ങാടി:** ഗവ. ഹയർ സെക്ക
ന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾക്ക് 'ക്യാമ്പോണം 23'
സംഘടിപ്പിച്ചു. അനിമേഷൻ, പ്രോ
ഗ്രാമിങ് മേഖലകളിൽ കുട്ടികൾ
ക്ക് പരിശീലനം നൽകി. ഓപൺ
ടൂൺസ് ഉപയോഗിച്ച് ഓണസന്ദേ
ശങ്ങൾ തയാറാക്കൽ, ഊഞ്ഞാ
ലാട്ടം, സ്ക്രാച്ച് പ്രോഗ്രാമിങ് സോ
ഫ്റ്റ്‌വയർ ഉപയോഗിച്ച് ഓണപ്പൂക
തയാറാക്കൽ, റിഥം കമ്പോ
പയോഗിച്ച് ഓഡിയോ ബി
യാറാക്കൽ തുടങ്ങിയവ
ം ആവേശവുമായി

ലിറ്റിൽ കൈറ്റ്സ് ഉ വീഡിയോ റെക്കോർഡിങ് നടക്കുന്ന ഏക ഉപജില്ലാ മത്സരം.



പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ
കലോത്സവം നാളെ മുതൽ

പ്രത്യേക പരിഗണന വേണ്ട
കുട്ടികൾക്ക് പ്രത്യേ

# LK BATCH 2021_24



# THANK YOU



EDITORIAL BOARD